MR. MOHAMMED MUSTAFA : ഈ സാധനങ്ങൾ എവിടെയാണ് പിറഴിച്ചുവരുന്നത്?

HON'BLE MR. T. M. VARGHESE : അത് ഇപ്പോൾ പറയാൻ നിവൃത്തിയില്ല.

MR. T. A. ABDULLA : ഈ സാധനങ്ങൾ എല്ലാം മി. എച്ച്. പി. വാറൻ ഉണ്ടാക്കുന്നതാണോ?

HON'BLE MR. T. M. VARGHESE : മി. എച്ച്. പി. വാറൻ ആണ് ഇപ്പോഴത്തെ വ്യവസായഡയറക്ടർ. ആ സ്ഥിതിക്ക് അദ്ദേഹത്തിന്റെ മേൽനോട്ടത്തിലായിരിക്കും ഉണ്ടാക്കുന്നത്.

MR. K. A. MOHAMMED (*Quilon IV—Muslim*) : ഈ സാധനങ്ങൾ വിൽക്കുന്നതിന് എവിടെയാണ് പ്രദർശിപ്പിച്ചിരിക്കുന്നത്.

HON'BLE MR. T. M. VARGHESE : അത് വ്യവസായഡയറക്ടറാഫീസിൽ അന്വേഷിച്ചാൽ അറിയാവുന്നതാണ്.

MR. K. A. MOHAMMED : ഈ സാധനങ്ങൾ എവിടെയാണ് ഉണ്ടാക്കുന്നതെന്ന് പറയാമോ?

HON'BLE MR. T. M. VARGHESE : വാട്ടർവർക്ക്സ് കിടക്കുന്ന സ്ഥലത്ത് ഇതിനുവേണ്ടി ഒരു ശാല കെട്ടിയിട്ടുണ്ട്. അവിടെ ചെന്നാൽ കാണാവുന്നതാണ്. കൂടുതൽ ശാലകൾ കെട്ടിവരുന്നുമുണ്ട്.

MR. K. R. ELANKATH : നിർമ്മിച്ചിട്ടുള്ള സാധനങ്ങൾ കമ്മേഴ്സ്യലായി ലാഭമുള്ള തരത്തിലാണോ ചെയ്തിട്ടുള്ളത്?

HON'BLE MR. T. M. VARGHESE : എല്ലാംകൂടി കണക്കാക്കി നോക്കുമ്പോൾ അല്പമെങ്കിലും ലാഭമുണ്ടെന്നാണ് ബോദ്ധ്യപ്പെട്ടിരിക്കുന്നത്.

MR. MANNAR GOPALAN NAIR : ഇൻഡസ്ട്രിയൽ ഡിപ്പാർട്ടുമെന്റു വകയായി ഒരു സെയിൽസ് ഡിപ്പോ ഉണ്ടോ എന്നു പറയാമോ?

HON'BLE MR. T. M. VARGHESE : പ്രത്യേകമുള്ളതായി അറിവില്ല. അന്വേഷിച്ചു പറയാം.

പൊതുമരാമത്തുജോലികൾ.

46. MR. MOHAMMED MUSTAFA : താഴെ പറയുന്ന ചോദ്യത്തിനു ബഹുമാനപ്പെട്ട മന്ത്രി സദയം മറുപടി പറയുമോ?

LIBRARY ARCHIVES Kerala Legislative Assembly

5 0 0 0 0 രൂപായിൽ കൂടുതൽ ചെലവുവരുന്ന പൊതുമരാമത്തു ജോലികൾ തുടങ്ങരുതെന്നു് എന്തെങ്കിലും നിർദ്ദേശം ഗവണ്മെൻറു് അഡിപ്പാർട്ടുമെൻറിനു നൽകിയിട്ടുണ്ടോ? ഉണ്ടെങ്കിൽ കാരണമെന്താണെന്നു വെളിപ്പെടുത്തുമോ?

HON'BLE MR. A. ATCHUTHAN : അങ്ങനെ ഒരു ഉത്തരവു് ഗവണ്മെൻറിൽനിന്നും കൊടുത്തിട്ടില്ല.

കൊല്ലം പോർട്ടു്.

47. MR. MOHAMMED MUSTAFA : താഴെ ക്കാണുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട മന്ത്രി സദയം മറുപടി പറയുമോ?

(എ) കൊല്ലം പോർട്ടു് ഒരു മേജർ ഹാർബർ ആയി അഭിവൃദ്ധിപ്പെടുത്തുന്നതിനെ സംബന്ധിച്ചു് ഗവണ്മെൻറിൻെറ നയമെന്താണു്?

(ബി) അതിനു് എന്തെങ്കിലും സാങ്കേതിക തടസ്സമുണ്ടോ? ഉണ്ടെങ്കിൽ ഇനിയും എത്രകാലത്തെയ്ക്കുകൂടി ഉണ്ടായിരിക്കും?

(സി) ആ തടസ്സം നീക്കുവാൻ ഗവണ്മെൻറു് എന്തെങ്കിലും നടപടി നടത്തിയിട്ടുണ്ടോ?

HON'BLE MR. T. M. VARGHESE : (എ) കൊല്ലം പോർട്ടു് ഒരു മേജർ ഹാർബർ ആക്കാൻ ഗവണ്മെൻറു് ഉദ്ദേശിക്കുന്നില്ല.

(ബി) (സി). മുൻ നൽകിയ മറുപടി അനുസരിച്ചു് ഈ ചോദ്യങ്ങൾക്കു പ്രസക്തിയില്ല.

MR. MANNAR GOPALAN NAIR : സർ, ഒരു പായിൻറു് ഓഫ് ഓർഡർ. ഗവണ്മെൻറിൻെറ നയത്തെസംബന്ധിച്ചു് ചോദ്യത്തുപേണ ചോദിക്കാമോ? ഈ ചോദ്യത്തിൻെറ (എ) വകുപ്പിൽ ഗവണ്മെൻറിൻെറ നയമെന്താണെന്നു ചോദിച്ചിരിക്കുന്നു. അങ്ങനെ ചോദിക്കാമോ?

MR. PRESIDENT : വിരോധമില്ല.

HON'BLE MR. T. M. VARGHESE : കൊല്ലം പോർട്ടു് ഒരു മേജർ ഹാർബർ ആക്കാൻ ഗവണ്മെൻറു് ഉദ്ദേശിച്ചിട്ടില്ല, ഉദ്ദേശിക്കുന്നുമില്ല. ആ സ്ഥിതിക്കു് എന്തെങ്കിലും സാങ്കേതികതടസ്സമുണ്ടോ എന്നും, ഗവണ്മെൻറു് അതിനു് എന്തെങ്കിലും നടപടി നടത്തിയിട്ടുണ്ടോ എന്നുമുള്ള ചോദ്യങ്ങൾ ഉദിക്കുന്നില്ല.

MR. MOHAMMED MUSTAFA : അവിടെ ഒരു പോർട്ടുണ്ടാക്കുന്നതിനുള്ള സൗകര്യം ഉണ്ടെന്നു ഗവണ്മെൻറിനു് അറിവുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly